(ഇ) ഉണ്ടെങ്കിൽ ഇത്തരം എത്ര മത്സ്യത്തൊഴിലാളികളെ ഇനിയും പുനരധിവസിപ്പിക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ): (എ) 550 മീറ്റർ നീളമുള്ള ലീവേഡ് ബ്രേക്ക് വാട്ടറിന്റെ പണി 221 മീറ്ററും 2100 മീറ്റർ നീളമുള്ള മെയിൻ ബ്രേക്ക് വാട്ടറിന്റെ പണി 1250 മീറ്ററും പൂർത്തിയായിട്ടുണ്ട്. ആക്ഷൻ ഹാളിന്റെ ഡിസൈൻ തയ്യാറായിക്കഴിഞ്ഞു. അപ്രോച്ച് റോഡിന്റെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. ഇൻസ്പെക്ഷൻ ബംഗ്ളാവ്, സൈറ്റ് ഓഫീസ് എന്നിവയുടെ പണിയും പൂർത്തിയായിട്ടുണ്ട്. കാർട്ടേഴ്സിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) ഉണ്ട്. എന്നാൽ പൂനയിലെ സി. ഡബ്ല്യു. പി. ആർ. എസ്. എന്ന റിസർച്ച് കേന്ദ്രത്തിൽ നടത്തിയ മാതൃകാ പഠനത്തിന്റെ വെളിച്ചത്തിലാണ് പുലിമുട്ട് നിർമ്മാണം ആരംഭിച്ചത്.

(സി) പദ്ധതിയുടെ നിർമ്മാണത്തിനായി 8 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് ഒഴിപ്പിക്കേണ്ടി വരുന്നത്. ഇതുവരെയും പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിച്ചിട്ടില്ല. നഷ്ടപരിഹാരം നൽകി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

കടലാക്രമണംമൂലം ഒഴിപ്പിക്കപ്പെട്ടവരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ നടപടികൾ കാലാകാലങ്ങളിൽ റവന്യൂ വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. അവരുടെ പുനരധിവാസം പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യമല്ല.

(ഡി) 'സി'-യിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

പഞ്ചായത്ത്രാജ് ആക്ടിൻപ്രകാരമുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിലെ കാലതാമസം

*7 [94] ശ്രീ. ഒ. ഭരതൻ:
,, പിണറായി വിജയൻ:
,, ലോനപ്പൻ നമ്പാടൻ:
,, എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ പഞ്ചായത്ത് രാജ് ആക്ട് എന്നാണ് നിലവിൽ വന്നത്;

(ബി) ആക്ടിൻപ്രകാരമുള്ള ചട്ടങ്ങൾ മുഴുവൻ ഉണ്ടാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചട്ടങ്ങൾ സമയബന്ധിതമായി ഉണ്ടാക്കുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളത്;

(ഇ) പഞ്ചായത്ത്‌രാജ് നിയമം അനുസരിച്ച് പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് പാസാക്കേണ്ടത് എപ്പോഴാണ്;

(എഫ്) അതിന് സഹായകമായ രീതിയിലുള്ള ബഡ്ജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ജി) ബഡ്ജറ്റ് പാസ്സാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(എച്ച്) യഥാസമയം ചട്ടങ്ങൾ ഉണ്ടാക്കാത്തതുമൂലം പഞ്ചായത്ത് ഭരണസംവിധാനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കെ. ബാവ):

(എ) 1994-ലെ പഞ്ചായത്ത് രാജ് ആക്ട് 1994 ഏപ്രിൽ 23-ന് നിലവിൽ വന്നു.

(ബി) മുഴുവനും പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) പുതിയ പഞ്ചായത്ത് രാജ് ആക്ടിൻകീഴിൽ ഒട്ടനവധി ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട്. ഓരോ ചട്ടവും പുറപ്പെടുവിക്കുവാൻ നിരവധി നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ സമയം വേണ്ടിവരുന്നു. എന്നാൽ കഴിയുന്നത്ര വേഗത്തിൽ എല്ലാ ചട്ടങ്ങളും പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചട്ടങ്ങൾ സമയബന്ധിതമായി ഉണ്ടാക്കുന്നതിന് സെക്രട്ടേറിയറ്റിലും പഞ്ചായത്ത് ഡയറക്ടറേറ്റിലും പ്രത്യേക സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഇ) പഞ്ചായത്ത് രാജ് ആക്ട് 214 (1) അനുസരിച്ച്, പഞ്ചായത്തുകളുടെ സ്റ്റാൻറിംഗ് കമ്മിറ്റി ഓരോ വർഷവും അടുത്ത വർഷത്തേക്ക് ആവശ്യമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ ഉണ്ടാകാനിടയുള്ള വരവുചെലവുകൾ കാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കി പഞ്ചായത്ത് മുമ്പാകെ സമർപ്പിക്കേണ്ടതും പഞ്ചായത്ത് നിശ്ചിത സമയത്തിനുള്ളിൽ ബഡ്ജറ്റ് പാസ്സാക്കേണ്ടതുമാണ്. ആക്ടിൽ ഇതിനായി പ്രത്യേക തീയതി നിശ്ചയിച്ചിട്ടില്ല.

(എഫ്) ഇല്ല. നടപടി സ്വീകരിച്ചുവരുന്നു.

(ജി) ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(എച്ച്, ഐ) പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഒട്ടനവധി ചട്ടങ്ങൾ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly